**KERALA STATE ELECTRICITY REGULATORY COMMISSION**

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

തീയതി 04.05.2023

# പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ, 08.02.2023-ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 01.04.2023 മുതൽ 31.03.2027 വരെയുള്ള വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ (ഒ.പി 18/2023) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള പൊതുതെളിവെടുപ്പ് കമ്മീഷൻ 08.05.2023നും, 09.05.2023 നും 10.05.2023നും 15.05.2023നും താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തീയതി | സമയം | വേദി | സ്ഥലം |
|---|---|---|---|
| 08.05.2023 | രാവിലെ 11:00 ന് | നളന്ദ ആഡിറ്റോറിയം | കോഴിക്കോട് |
| 09.05.2023 | | ജില്ലാ പഞ്ചായത്ത് ഹാൾ | പാലക്കാട് |
| 10.05.2023 | | കൊച്ചിൻ മുൻസിപ്പൽ കോർപ്പറേഷൻ നോർത്ത് ടൗൺ ഹാൾ | എറണാകുളം |
| 15.05.2023 | | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാൾ വെള്ളയമ്പലം | തിരുവനന്തപുരം |

ഇതു കൂടാതെ വിവിധ വൈദ്യുതി ഉപഭോക്താക്കൾ അവരുടെ വൈദ്യുതി ആവശ്യകത മുഴുവനായും കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്ന് പാരമ്പര്യേതര ഊർജ്ജ (Green Energy) സ്രോതസ്സുകൾ വഴി വൈദ്യുതി ഉപയോഗിക്കുന്നതിന് താൽപര്യം പ്രകടിപ്പിക്കുകയും ഇതിനുള്ള നിരക്കുകൾ (Green Tariff) കൂടി നിശ്ചയിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുകയുംചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് 28.04.2023-ാം തീയതിയിൽ പാര മ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉപയോഗിക്കുന്ന തിനുള്ള താരിഫിന്റെ നിർദ്ദേശങ്ങൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

ടി നിർദ്ദേശങ്ങൾ  കമ്മീഷന്റെ വെബ്സൈറ്റിലും (www.erckerala.org) ലഭ്യമാണ്. ടി നിർദ്ദേശങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മേൽപ്പറഞ്ഞ സ്ഥലത്ത് വച്ച്  നടത്തുന്ന പൊതുതെളിവെടുപ്പിൽ പങ്കെടുത്ത് സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും മറ്റു തൽപ്പര കക്ഷികൾക്കും പങ്കെടുക്കാവുന്നതും നേരിട്ട് അഭിപ്രായങ്ങൾ സമർപ്പിക്കാവുന്നതുമാണ്.

കൂടാതെ തപാൽ മുഖേനയും (kserc@erckerala.org) ഇ-മെയിൽ മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്സി ഭവനം, സി.വി രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-695 010 എന്ന വിലാസത്തിൽ 15.05.2023, 5:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി